**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 375** **27-01-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻകരയിലെ ക്രിസ്ത്യൻ പെന്തക്കോസ്ത് വിഭാഗക്കാർക്ക് പൊതുശ്മശാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പൊതുശ്മശാനങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | മുളവുകാട്, എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം,എടവനക്കാട്, കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ 7 ഗ്രാമപഞ്ചായത്തുകളാണ് വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നത്<br><br>**1.മുളവുകാട് ഗ്രാമപഞ്ചായത്ത്-** പൊതുശ്മശാനം ഇല്ല.<br><br>**2. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്-** പൊതുശ്മശാനം ഉണ്ട്<br><br>**3. ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്-** പൊതുശ്മശാനം ഉണ്ട്.<br><br>**4. നായരമ്പലം ഗ്രാമപഞ്ചായത്ത്-** പൊതുശ്മശാനം ഉണ്ട്.<br><br>**5. എടവനക്കാട് ഗ്രാമപഞ്ചായത്ത്-**പൊതുശ്മശാനം ഇല്ല.<br><br>**6. കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്** -പൊതുശ്മശാനം ഇല്ല.<br><br>**7. പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് -** പൊതുശ്മശാനം ഉണ്ട്. |
| (ബി) | വൈപ്പിൻകരയിലെ ക്രിസ്ത്യൻ പെന്തക്കോസ്ത് വിശ്വാസികളുടെ മൃതശരീരം മറവുചെയ്യുവാൻ വിദൂര സ്ഥലങ്ങളിൽ ഇവർക്കായി അനുവദിച്ചിട്ടുള്ള ശ്മശാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വൈപ്പിൻകരയിലെ ഏതെങ്കിലും പൊതുശ്മശാനത്തിൽ ഇവർക്കായി സ്ഥലം ലഭ്യമാക്കുന്നതിനോ സ്ഥലം അനുവദിക്കുന്നതിനോ നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി കത്ത് അയച്ചിട്ടുള്ളതാണ്. ആയതിന്മേൽ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇതുസംബന്ധിച്ച് വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന യുണൈറ്റഡ് പെന്തക്കോസ്തൽ ഫെല്ലോഷിപ്പ്, എം.എൽ.എ. മുഖാന്തരം 24.06.2025-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് E 9731455-2025 നമ്പരായി അയച്ചുകൊടുത്തതുമായ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | വൈപ്പിൻ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി കത്ത് അയച്ചിട്ടുള്ളതാണ്. ആയതിന്മേൽ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ